"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് -കൊല്ലം ജില്ലയിലെ "GENERAL-Upgradation work-Providing BM &BC to Old NH Three bit road-in Chavara LAC" എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.57/2025/PWD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-

1. സഉ(പി)നം. 16/2017/ധന, തീയതി 06.02.2017
2. സ.ഉ. (സാധാ)നം. 1089/2023/പൊമവ തീയതി 08.08.2023
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 03.01.2025, 01.05.2025എന്നീ തീയതികളിലെ CEPWD/23426/2024-C4(W)-RDനം. കത്തുകൾ.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ "GENERAL-Upgradation work-Providing BM &BC to Old NH Three bit road-in Chavara LAC" എന്ന പ്രവൃത്തിക്കായി 122 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും, അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകിയിരുന്നതുമാണ്. പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 12 തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ 11 ടെണ്ടറുകളിൽ ആരും പങ്കെടുത്തിരുന്നില്ല. 12-ാമത്തെ ടെണ്ടറിൽ ഒരു ബിഡ് ആണ് ലഭിച്ചത്. L1 ബിഡ്ഡറായ Begorra Infrastructure Developers Pvt. Ltd-ന്റെ ക്വോട്ടഡ് തുക (Quoted PAC) 1,32,89,809/- രൂപ എന്നത് ( EPAC യെക്കാൾ 29.09% അധികം) നിലവിൽ അനുവദനീയമായ Current SOR +10% നിരക്കിനെക്കാൾ അധികമാണ്. ആയത് മേൽ പരാമർശം 2-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നും, എന്നാൽ കോൺട്രാക്ടർ അവരുടെ ക്വാട്ട് ചെയ്ത നിരക്ക് കുറയ്ക്കാൻ തയ്യാറല്ല എന്നും, സൈറ്റിന്റെ നിലവിലെ അവസ്ഥയും സ്രോതസ്സുകളിൽ നിന്നുള്ള കൺവേയൻസ് ചാർജുകളും അനുസരിച്ച് വീണ്ടും ടെൻഡർ ചെയ്താൽ കരാറുകാരിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കാൻ സാധ്യതയില്ലാത്തതായും അതിനാൽ, Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച ടെൻഡർ അംഗീകരിക്കണമെന്നും മേൽ പരാമർശം 3-ലെ കത്തുകൾ പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, ഭരണാനുമതി നൽകി രണ്ടുവർഷം കഴിഞ്ഞ പ്രവൃത്തിക്ക് നിലവിൽ 12 തവണ ടെൻഡർ ചെയ്തു കഴിഞ്ഞും, പന്ത്രണ്ടാമത്തെ ടെൻഡറിൽ EPC-യേക്കാളും 29.09 ശതമാനം അധികനിരക്ക് quote ചെയ്ത ഏക ബിഡ്ഡാണ് ലഭിച്ചത് എന്ന വസ്തുത പരിഗണിച്ച്, കൊല്ലം ജില്ലയിലെ “GENERAL-Upgradation work-Providing BM &BC to Old NH Three bit road-in Chavara LAC” എന്ന പ്രവൃത്തിയ്ക്കായി M/s. Begorra Infrastructure Developers Pvt. Ltd ക്വോട്ട് ചെയ്ത തുകയായ 1,32,89,809 രൂപ (ഒരു കോടി മുപ്പത്തിത്തിരണ്ട് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി എണ്ണൂറ്റിയൊൻപത് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 29.09% കൂടുതൽ ആയതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്”എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (No. I&PW-C1/15/2025-Fin (E -3211640) dated 16.09.2025)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 31-10-2025 12:36:58

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-10-2025

ഫയൽ നം. പൊ.മ.വ.-ജി3/23/2025/പൊ.മ.വ. ഇനം നം: 3361

വിഷയം : പൊതുമരാമത്ത് വകുപ്പ് - "GENERAL - Upgradation work - Providing BM & BC to Old NH Three bit road - in Chavara LAC" in Kollam District. നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3361

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി3/23/2025-പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ജി) വകുപ്പ് |
| 3 | വിഷയം | : | "GENERAL-Upgradation work - Providing BM &BC to Old NH Three bit road-in Chavara LAC" in Kollam District. നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20.10.2025 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമേഷ് കുമാർ സി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.10.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.10.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.10.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.10.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം ജില്ലയിൽ "GENERAL-Upgradation work-Providing BM &BC to Old NH Three bit road-in Chavara LAC" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. കൊല്ലം ജില്ലയിൽ "GENERAL-Upgradation work-Providing BM &BC to Old NH Three bit road-in Chavara LAC" എന്ന പ്രവൃത്തിയ്ക്കായി 08.08.2023-ലെ സ.ഉ. (സാധാ)നം. 1089/2023/പൊമവ ഉത്തരവ് പ്രകാരം 122 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും, അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകിയിരുന്നതുമാണ്. പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 12 തവണ ടെണ്ടർ ചെയ്തിരുന്നു, ആദ്യ 11 ടെണ്ടറുകളിൽ ആരും പങ്കെടുത്തിരുന്നില്ല 11-ാമത്തെ ടെണ്ടറിൽ ഒരു ബിഡ് ആണ് ലഭിച്ചത് . ബിഡ്ഡിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| No | Bidder | Estimate PAC | LMR PAC | Current SoR+10.00% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | Begorra Infrastructure Developers Pvt. Ltd | 10295243 | 11747087.16 14.10% >EPAC | 11099198 7.81% > EPAC | 29.09 | 13289809 |

അതായത് L1 ബിഡറുടെ Quoted PAC 1,32,89,809 രൂപ എന്നത് ( EPAC യെക്കാൾ 29.09% അധികം) നിലവിൽ അനുവദനീയമായ Current SOR +10% നിരക്കിനെക്കാൾ അധികമാണ്.

3. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങളടങ്ങിയ 06/02/2017 ലെ സ.ഉ (പി)16/2017/ധന പ്രകാരം "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതാണ്. ഇവിടെ ക്വോട്ട് ചെയ്ത തുക പ്രസ്തുത പരിധിയിലധികമായതിനാൽ ടെണ്ടർ അംഗീകാരത്തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് നൽകി

4. കോൺട്രാക്ടർമാരിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നതിനായി G.O (P) No.324/2015/Fin Dated, 30.07.2015 ലെ 4(d) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടത്തിയ ശ്രമങ്ങളെക്കുറിച്ച് ചീഫ് എഞ്ചിനീയർ ഒരു പരാമർശവും

നടത്തിയിട്ടില്ലാത്തതിനാൽ, കോൺട്രാക്ടർമാരിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കുന്നതിനായി, മേൽ സർക്കാർ ഉത്തരവിലെ 4(d) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, ലഭിച്ച സിംഗിൾ ടെൻഡറിന് അംഗീകാരം നൽകുന്നതിനുള്ള ശരിയായ ന്യായീകരണത്തോടെ, ശ്രമങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു.

5. പൊതുമരാമത്ത് റോഡ്സ് സൗത്ത് സർക്കിൾ ഓഫീസിൽ നിന്ന് പ്രവൃത്തി 12 തവണ ടെൻഡർ ചെയ്തിട്ടുണ്ടെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ഇ-ടെൻഡർ സൈറ്റ് വഴി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (നിരത്തുകൾ) റിപ്പോർട്ട് ചെയ്തു. 1 മുതൽ 7 വരെയുള്ള ടെൻഡറിൽ ഒരു ബിഡും ലഭിച്ചില്ല. ആ സാഹചര്യത്തിൽ, എസ്റ്റിമേറ്റ് പരിശോധിക്കാനും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ടോ എന്ന് അറിയിക്കാനും സൂപ്രണ്ടിംഗ് എഞ്ചിനീയർ 26-03-2024, 10-05-2024 തീയതികളിലെ കത്തുകളിലൂടെ കൊല്ലം ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതായും എന്നിരുന്നാലും, കൊല്ലം ജില്ലയിലെ ചവറ നിയോജകമണ്ഡലത്തിലെ കാവനാട് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് ശക്തികുളങ്ങര ക്ഷേത്രം വഴി NH 66 ൽ അവസാനിക്കുന്ന ഒരു പ്രധാന റോഡിലാണ് ഈ പ്രവൃത്തി എന്നതിനാൽ, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതുപോലെ BM & BC ജോലികൾ അത്യാവശ്യമാണെന്നും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യേണ്ട ആവശ്യമില്ലെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ 18-07-2024 ലെ ഒരു കത്തിലൂടെ അറിയിച്ചിരുന്നതായും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

6. 10 തവണ ടെൻഡർ ചെയ്തിട്ടും ഒരു ടെൻഡറും പങ്കെടുത്തില്ല എന്നതിനാൽ, റീകാസ്റ്റ് ആവശ്യമുണ്ടോ എന്ന് പരിശോധിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ 05-11-2024 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വീണ്ടും ഒരു കത്ത് അയച്ചതായും 12-ാമത്തെ ടെൻഡറിൽ Begorra Infrastructure Developers Pvt. Ltd നിന്ന് ഒരു ബിഡ് ലഭിച്ചിട്ടുണ്ടെങ്കിലും അവരുടെ ക്വാട്ട് ചെയ്ത തുകയായ 1,32,89,809.00/- രൂപ (29.09%) അനുവദനീയമായ പരിധിയേക്കാൾ കൂടുതലാണ്. കോൺട്രാക്ടർ അവരുടെ ക്വാട്ട് ചെയ്ത നിരക്ക് കുറയ്ക്കാൻ തയ്യാറല്ല. സൈറ്റിന്റെ നിലവിലെ അവസ്ഥയും സ്രോതസ്സുകളിൽ നിന്നുള്ള കൺവേയൻസ് ചാർജുകളും അനുസരിച്ച്, വീണ്ടും ടെൻഡർ ചെയ്താൽ, ഏതെങ്കിലും കരാറുകാരിൽ നിന്ന് മികച്ച പ്രതികരണം ലഭിക്കാൻ സാധ്യതയില്ലാത്തതായും അതിനാൽ, Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച ടെൻഡർ അംഗീകരിക്കണമെന്നും ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരിക്കുന്നു.

7. തുടർന്ന് ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സിനായി നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുന്നതിൻ പ്രകാരം അഭിപ്രായപ്പെട്ടു

"AD is advised to submit the single bid received in the 12th e-tender

from M/s Begorra Infrastructure Developers Pvt. Ltd with quoted amount as Rs. 132.8981 Lakhs (29.09% above EPAC), to the Council of Ministers for approval.

*This has the approval of Hon. Min. (Finance)"*

8. ഭരണാനുമതി ലഭിച്ചിട്ട് രണ്ട് വർഷമായ പ്രവൃത്തി ഇതിനകം 12 തവണ ടെൻഡർ ചെയ്തിട്ടുണ്ട്, പന്ത്രണ്ടാമത്തെ ടെൻഡറിൽ EPAC യെക്കാൾ 29.09 ശതമാനം ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ഒരു പങ്കാളിത്തം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന വസ്തുത കണക്കിലെടുത്ത്, ബെഗോറ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച ടെൻഡറുമായി മുന്നോട്ട് പോകാനും ധനകാര്യ വകുപ്പിന്റെ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചു.

9. ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കൊല്ലം ജില്ലയിൽ "GENERAL-Upgradation work-Providing BM &BC to Old NH Three bit road-in Chavara LAC" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച . 1,32,89,809/- . രൂപയുടെ (ഒരു കോടി മുപ്പത്തി രണ്ട് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എണ്ണൂറ്റി ഒൻപത് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 29.09% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 ലെ സ.ഉ (പി) നം. 16/2017/ധന -ലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് / പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡിഎസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?